Organisation—Depressed Classes.

123. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതരുടെ ഇടയിൽ സാമുദായിക ഘടനയുണ്ടാക്കുവാൻ വേണ്ടി ഗവൺമെണ്ടിൽ നിന്നും വല്ല ഏർപ്പാടും ചെയ്തുകൊടുത്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഉണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്തെല്ലാം ഏർപ്പാടുകളാണു് ചെയ്തുകൊടുത്തിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്യുന്നതൊക്കെതന്നെ അതിനു വേണ്ടീട്ടാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സാമുദായികപരമായി എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—യോഗങ്ങൾ വിളിച്ചുകൂട്ടി. സദുപദേശങ്ങൾ ചെയ്യുന്നുണ്ടു്. സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ടു്. ഇങ്ങിനെ പലതും ചെയ്തുകൊടുത്തിട്ടുണ്ടു്.

Labour Inspector—Pay and allowance.

124. മിസ്റ്റർ കെ. പി. വള്ളോൻ.—ലേബർ ഇൻസ്പെക്ടർക്കു് ഇപ്പോഴുള്ള ശമ്പളമെത്ര? അലവൻസു് എത്ര?

രാമവർമ്മതമ്പുരാൻ.—ഇപ്പോൾ മാസത്തിൽ ൪൫ ക. ശമ്പളമുണ്ടു്, കൊച്ചി സർവ്വീസു റഗുലേഷൻ പ്രകാരം ടാവലിംഗ് അലവൻസും ഉണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ-ലേബർ ഇൻസ്പെക്ടരുടെ ശമ്പളത്തുക കാണിച്ചിട്ടുണ്ടു്. എന്നാൽ അലവൻസിന്റെ തുക എത്രയാണെന്നു പറഞ്ഞിട്ടില്ല.

രാമവർമ്മതമ്പുരാൻ-ടാവലിംഗ് അലവൻസു് കൊല്ലംതോറും മാറിക്കൊണ്ടിരിയ്ക്കും-

മിസ്റ്റർ കെ. പി. വള്ളോൻ—അതു് ഇത്രയാണെന്നു കണക്കില്ലേ?

രാമവർമ്മതമ്പുരാൻ-ഫിക്സെഡ് എമൗണ്ടില്ല.

State Organiser.

125. മിസ്റ്റർ കെ. പി. വള്ളോൻ.—സ്റ്റേറ്റ് ഓർഗനൈസറായി നിയമിച്ചിട്ടുള്ള മിസ്റ്റർ സി. എം. ചാത്തു എന്നയാളുടെ സ്വഭാവഗുണത്തെപ്പറ്റി പോലീസു് ഇൻസ്പെക്ടർ മിസ്റ്റർ എ. സി. തോമസ്സു് അവർകൾ എഴുതീട്ടുള്ള റിപ്പോർട്ടു് ഗവൺമെണ്ടു സമ്മതിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അങ്ങിനെ ഒരു റിപ്പോർട്ടു് ഉള്ളതായിട്ടു് അറിവില്ല.

126. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതസംരക്ഷകനായിരുന്ന റാവുസാഹിബു് സി. മത്തായി അവർകൾ മിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

സി. എം. ചാത്തുവിന്റെ സമുദായ സേവനത്തെപ്പറ്റി എഴുതീട്ടുള്ള അഭിപ്രായത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമോ?

രാമവമ്മതമ്പുരാൻ.—മിസ്റ്റർ മത്തായി ഇങ്ങനെയൊരഭിപ്രായം എഴുതിയതായി കാണുന്നില്ല.

Allowance to Wardens of Colonies.

127. മിസ്റ്റർ കെ. പി. വള്ളോൻ.—കാളനി വാർഡന്മാർക്കു മാസം എന്തു അലവൻസു കൊടുക്കുന്നുണ്ട്?

രാമവമ്മതമ്പുരാൻ.—മാസത്തിൽ ഒ ക., വ ക., ഫ ഠ കഃ വീതം കാളനിയുടെ വലിപ്പം പോലെ അലവൻസ് കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇവക്ക് ട്രാവലിംഗ് അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം, നിശ്ചയമില്ല.

Examination—Depressed class Students.

128. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികളുടെ പരിക്ഷയെ സംബന്ധിച്ച് ഫ ഫ ഠ വ-ൽ അധഃകൃതസംരക്ഷകൻ തുശ്ശിവപേരൂർ സക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ അവർകൾക്ക് അയച്ചിട്ടുള്ള കത്തിന്റെ ഒരു കാപ്പി മലയാളത്തിൽ എഴുതി ഈ മേശപ്പുറത്തു വയ്ക്കാമൊ?

രാമവമ്മതമ്പുരാൻ.—അങ്ങനെ ഒരു കത്തും അയച്ചിട്ടില്ല.

Taking Poison—Nettur Ullada Colony.

129. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ നിവസിക്കുന്ന ഒരാൾ രസം (വിഷം) കുടിക്കാനുണ്ടായ രഹസ്യത്തെപ്പറ്റി വാർഡൻ സംരക്ഷകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാപ്പി സദയം മേശപ്പുറത്തു വയ്ക്കുമോ?

രാമവമ്മതമ്പുരാൻ.—ഉണ്ട്. അതിന്റെ കാപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix VI.*)

മിസ്റ്റർ സി. എ. ഒസേപ്പ്.—രസം കഴിച്ചതിന്റെ ഫലമെന്തായി?

രാമവമ്മതമ്പുരാൻ—നോട്ടീസു വേണം.

Ill-treatment of a Pulaya at Narakkal.

130. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഞാറക്കൽ നിവാസിയായ ഒരു അധഃകൃതനെ സ്ഥലത്തെ ഒരു കുസ്തിക്കാരി അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചു കൊണ്ടുപോയി ദേഹോപദ്രവം ചെയ്തതായി സർക്കാരിൽ അറിഞ്ഞിട്ടുണ്ടോ;

(b) ടി അധഃകൃതൻ ഹർജി കൊടുത്ത കാരണവും പറഞ്ഞു വീണ്ടും ദേഹോപദ്രവം ചെയ്യാൻ ശ്രമിച്ചിരിക്കുന്ന വിവരം ഞാറ

LIBRARY ARCHIVES Kerala Legislative Assembly